"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്തിട്ടുള്ള ഫാർമസി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ/അസോഷ്യേറ്റ് പ്രൊഫസർ തസ്തികകളിലെ അധ്യാപകരുടെ റഗുലറൈസേഷൻ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(കൈ) നം.18/2026/H&FWD തീയതി,തിരുവനന്തപുരം, 14-01-2026

---

പരാമർശം:-

1. 19/02/2021 - ലെ സ.ഉ.(കൈ) നം.52/2021/ആ.കു.വ
2. 24/08/2022 ലെ 104/എസ് 1/2022/ ആ.കു.വ നമ്പർ കത്ത്
3. 27/09/2023 - ലെ സ.ഉ.(കൈ) 265/2023/ആ.കു.വ
4. 24/11/2023 - ലെ സ.ഉ.(കൈ) 321/2023/ആ.കു.വ
5. 25/10/2024- ലെ സ.ഉ.(കൈ) 314/2024/ആ.കു.വ
6. 09/12/2024- ലെ സ.ഉ.(കൈ) 378/2024/ആ.കു.വ
7. 09/12/2024- ലെ സ.ഉ.(കൈ) 379/2024/ആ.കു.വ
8. 09/12/2024- ലെ സ.ഉ.(കൈ) 380/2024/ആ.കു.വ
9. 11/12/2024- ലെ സ.ഉ.(കൈ) 382/2024/ആ.കു.വ
10. 19/12/2024- ലെ സ.ഉ.(കൈ) 386/2024/ആ.കു.വ
11. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 10/06/2025-ലെ എൻ സി 4/1409/2020/മെ.വി.വ നമ്പർ കത്ത്
12. കേരള പബ്ലിക് സർവീസ് കമ്മീഷനിൽ നിന്നുള്ള 12/11/2025-ലെ എ2-3/9/2024-കെ.പി.എസ്.സി.-പാർട്ട്- 3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലെക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്ട് പ്രകാരം സഹകരണ മേഖലയിൽ സൊസൈറ്റികൾക്ക് കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും 02/03/2019 തീയതി പ്രാബല്യത്തിൽ പൂർണമായും സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടുവരികയും, തുടർന്ന് മുൻ പരിയാരം മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ അക്കൊമൊഡേഷനായി പരാമർശം (1) പ്രകാരം സൃഷ്ടിച്ച 772 തസ്തികകളിലുൾപ്പെട്ട സ്ഥിര ഫാർമസി വിഭാഗം അധ്യാപക ജീവനക്കാരെ അക്കൊമൊഡേറ്റ്

ചെയ്യുന്നതിനായി പരാമർശം (3) പ്രകാരം 7 സൂപ്പർ ന്യൂമററി ഉൾപ്പെടെ ആകെ 26 അധ്യാപക തസ്തികകൾ അനുവദിച്ചും, ടി തസ്തികകളുടെ വർഗീകരണം പൂർത്തികരിച്ച് തസ്തികകളുടെ തരം തിരിവ് നടത്തിയും ഉത്തരവായിരുന്നു. പ്രസ്തുത 26 ഫാർമസി അധ്യാപകരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് അക്കോമൊഡേറ്റ്/ആഗിരണം ചെയ്ത് പരാമർശം (4) പ്രകാരവും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത ഫാർമസി അധ്യാപകരുടെ അക്കോമൊഡേഷന് വേണ്ടി അനുവദിച്ച 26 അധ്യാപക തസ്തികകളിൽ സൂപ്പർ ന്യൂമററിയായി ഉൾപ്പെടുത്തിയിരുന്ന 7 അധ്യാപക (അസിസ്റ്റന്റ് പ്രൊഫസർ) തസ്തികകളിലെ ജീവനക്കാർ വിരമിക്കുന്നത് വഴിയോ, പ്രൊമോഷൻ വഴിയോ, മരണം അല്ലെങ്കിൽ പുറത്താക്കൽ വഴിയോ പ്രസ്തുത തസ്തികകൾ പൂർണ്ണമായും ഇല്ലാതാകുന്നതാണെന്ന വ്യവസ്ഥയിൽ വാനിഷിംഗ് തസ്തികകളാക്കി മേൽ ഉത്തരവുകൾ ഭേദഗതി ചെയ്ത് പരാമർശം (5) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2.തുടർന്ന് ഏറ്റെടുത്ത ജീവനക്കാർക്ക് ഓപ്ഷൻ (സ്റ്റാൻഡ് എലോൺ അല്ലെങ്കിൽ എൻടി കേഡർ) സമർപ്പിക്കുന്നതിന് അവസരം നൽകിയ 07/10/2021-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) കത്തിലെ നിർദ്ദേശാനുസരണം പ്രസ്തുത ജീവനക്കാർക്ക് സ്റ്റാൻഡ് എലോൺ അല്ലെങ്കിൽ എൻടി കേഡറിൽ ഓപ്ഷൻ സമർപ്പിക്കാൻ അവസരം നൽകുകയും, ജീവനക്കാർ സമർപ്പിച്ച ഓപ്ഷൻ ഫോം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓർഡിനൻസിലെയും ഇത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മറ്റ് തുടർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ, പരാമർശം (6) മുതൽ (8) വരെയുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഡോക്ടർമാർക്ക് താൽക്കാലിക നിയമനം നൽകികൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം (9), (10) എന്നിങ്ങനെ ഭേദഗതി ഉത്തരവുകളും പുറപ്പെടുവിച്ചിരുന്നു.

3. മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്തിട്ടുള്ളതും ഓപ്ഷൻ (എൻടി കേഡർ / സ്റ്റാൻഡ് എലോൺ) സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (7), (6), (8) പ്രകാരം താത്കാലിക നിയമനം ലഭിച്ചതുമായ അസോഷ്യേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ (വാനിഷിംഗ്) തസ്തികകളിലെ ഫാർമസി അധ്യാപകരുടെ റെഗുലറൈസേഷൻ ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകളോട് കൂടി കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം ലഭ്യമാക്കി അംഗീകരിക്കാവുന്നതാണെന്ന താൽകാലിക തീരുമാനം സർക്കാർ കൈക്കൊണ്ടിരുന്നു.

<u>സ്റ്റാൻഡ് എലോൺ</u>

(i).സ്റ്റാൻഡ് എലോൺ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ഫാർമസി അധ്യാപകരുടെ സർക്കാർ സർവീസിലെ സേവനം ക്രമീകരിക്കുന്നത് (ഏറ്റെടുക്കൽ തീയതിയിൽ അവധിയിൽ അല്ലാത്തവരുടേത്) 02/03/2019 തീയതി പ്രാബല്യത്തിൽ ആണ്.

(ii).ടിയാളുകളുടെ മുൻ പരിയാരം മെഡിക്കൽകോളേജിലെ സർവീസ് യാതൊരുവിധ സർവീസ്/സാമ്പത്തിക ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല.

(iii).സ്റ്റാൻഡ് എലോൺ ഓപ്ഷൻ സ്വീകരിച്ചിട്ടുള്ളവർക്ക് റഗുലർ ലൈൻ ഓഫ് പ്രൊമോഷൻ ലഭിക്കാനോ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പൊതു സീനിയോരിറ്റി

പട്ടികയിൽ ഉൾപ്പെടാനോ, പൊതുസ്ഥലംമാറ്റത്തിനോ അർഹതയുണ്ടായിരിക്കുന്നതല്ല. കണ്ണൂർ മെഡിക്കൽകോളേജിൽ തന്നെ സ്റ്റാൻഡ് എലോൺ ആയി തുടരാവുന്നതും വാർഷിക വേതന വർധനവ് ,സമയബന്ധിത ഹയർ ഗ്രേഡ് എന്നിവ നിയമാനുസരണം നേടിയ ശേഷം കണ്ണൂർ മെഡിക്കൽകോളേജിൽ നിന്ന് തന്നെ വിരമിച്ചുപോകുന്നതാണ്. ടിയാളുകളെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ കോമൺ പൂളിലേക്ക് ഇന്റഗ്രേറ്റ് ചെയ്യുന്നതല്ല. ടി ജീവനക്കാർക്ക് മറ്റ് മെഡിക്കൽകോളേജുകളിലേക്ക് സ്ഥലംമാറ്റത്തിനു അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ സന്നിദ്ധഘട്ടത്തിൽ സർക്കാരിനോ/മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കോ ടിയാളുകളെ മറ്റ് മെഡിക്കൽകോളേജുകളിലേക്ക് സ്ഥലംമാറ്റി നിയമിക്കാവുന്നതാണ്.

(iv).02/03/2019 തീയതിയിൽ ടി ജീവനക്കാരുടെ അവധി അക്കൌണ്ടിൽ ഉള്ള അവധിയുടെ നീക്കിയിരിപ്പ് (0) പൂജ്യം ആയിരിക്കുന്നതാണ്.

(v).അസോഷ്യേറ്റ് പ്രൊഫസ്സർ തസ്തികയിൽ നിയമിതരായ അദ്ധ്യാപകർക്ക്, സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(vi).നിയമനക്രമീകരണത്തിന് ശേഷം ജീവനക്കാരുടെ ഏറ്റെടുക്കൽ തീയതി പ്രാബല്യത്തിലുള്ള സീനിയോരിറ്റി പട്ടിക കണ്ണൂർ മെഡിക്കൽകോളേജ് പ്രിൻസിപ്പൽ തയ്യാറാക്കി, എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ പരിഹരിച്ച് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ് .

(vii).ടി ജീവനക്കാർക്ക് നാഷണൽ പെൻഷൻ പദ്ധതിയാണ് ബാധകമായിട്ടുള്ളത്. ടിയാളുകളുടെ വിരമിക്കൽ പ്രായം 60 വയസ്സാണ്. കാലാകാലങ്ങളിൽ സർക്കാർ ഇതിലേക്കായി പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഇവർക്ക് ബാധകമായിരിക്കും.

(viii).നിയമന ക്രമീകരണത്തിന് ശേഷം ടി ജീവനക്കാരുടെ കമ്മ്യൂണൽ റൊട്ടേഷൻ ചാർട്ട് കണ്ണൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ തയ്യാറാക്കേണ്ടതാണ്.

(ix).നിയമിക്കപ്പെടുന്ന തസ്തികയിൽ ടി ജീവനക്കാർ സ.ഉ.(സാധാ) നം. 17/2018/ഉ.ഭ.പ.വ തീയതി 27/12/2018 പ്രകാരം പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതുണ്ട്.

**<u>എൻടി കേഡർ</u>**

(i). ഓപ്ഷൻ എ സമർപ്പിച്ച എൻടി കേഡറിൽ പ്രവേശിച്ച ഫാർമസി അദ്ധ്യാപകരെ മുൻ പരിയാരം മെഡിക്കൽകോളേജും അനുബന്ധ സ്ഥാപനങ്ങളും സർക്കാർ ഏറ്റെടുത്ത 02/03/2019 തീയതി പ്രാബല്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഏറ്റവും പുതിയ ജീവനക്കാരായി സർക്കാർ സർവീസിലേക്ക് ഇന്റഗ്രേറ്റ് ചെയ്യും.

(ii). ടി അദ്ധ്യാപകരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഫാർമസി അദ്ധ്യാപകരുടെ ജനറൽ സ്ട്രീമിൽ പ്രവേശിക്കാൻ അനുവദിക്കുന്നതും, അവരെ ഏറ്റെടുക്കൽ തീയതി (02/03/2019) മുതൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഏറ്റവും പുതിയ ഫാർമസി അദ്ധ്യാപകരായി കണക്കാക്കുകയും ചെയ്യുന്നതാണ്.

(iii). ടി അദ്ധ്യാപകരുടെ മുൻ പരിയാരം മെഡിക്കൽ കോളേജിലെ സർവീസ് യാതൊരു

സർവീസ്/സാമ്പത്തിക അനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല.

(iv). അവരുടെ പരിയാരം മെഡിക്കൽ കോളേജിലെ മുൻകാല സർവീസ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സീനിയോരിറ്റിയ്ക്ക് പരിഗണിക്കുന്നതല്ല.

(v). ടി അദ്ധ്യാപകർക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് ആഗിരണം ചെയ്യപ്പെടുന്ന 02/03/2019 തീയതി പ്രാബല്യത്തിൽ മാത്രമേ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടാനും, ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യ/ സർക്കാർ ഇതിലേക്കായി കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റത്തിനും അർഹതയുണ്ടായിരിക്കുകയുള്ളു.

(vi).നിയമനക്രമീകരണത്തിന് ശേഷം ജീവനക്കാരുടെ ഏറ്റെടുക്കൽ തീയതി പ്രാബല്യത്തിലുള്ള സീനിയോരിറ്റി പട്ടിക കണ്ണൂർ മെഡിക്കൽകോളേജ് പ്രിൻസിപ്പൽ തയ്യാറാക്കി, എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ പരിഹരിച്ച് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

(vii). ടി ജീവനക്കാർക്ക് നാഷണൽ പെൻഷൻ പദ്ധതിയാണ് ബാധകമായിട്ടുള്ളത്. ടിയാളുകളുടെ വിരമിക്കൽ പ്രായം 60 വയസ്സാണ്. കാലാകാലങ്ങളിൽ സർക്കാർ ഇതിലേക്കായി പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഇവർക്ക് ബാധകമായിരിക്കും.

(viii). നിയമന ക്രമീകരണത്തിന് ശേഷം ടി ജീവനക്കാരുടെ കമ്മ്യൂണൽ റൊട്ടേഷൻ ചാർട്ട് കണ്ണൂർ മെഡിക്കൽകോളേജ് പ്രിൻസിപ്പൽ തയ്യാറാക്കേണ്ടതാണ്.

(ix). നിയമിക്കപ്പെടുന്ന തസ്തികയിൽ ടി ജീവനക്കാർ സ.ഉ.(അ) നം. 17/2018./ഉ.ഭ.പ.വ തീയതി 27/12/2018 പ്രകാരം പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതുണ്ട്.

(x). 02/03/2019 മുതൽ ടി ഫാർമസി അധ്യാപകരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മറ്റു ഫാർമസി അധ്യാപകരെ പോലെ കണക്കാക്കുന്നതാണ്.

(xi). 02/03/2019 തീയതിയിൽ ടി ജീവനക്കാരുടെ അവധി അക്കൌണ്ടിൽ ഉള്ള അവധിയുടെ നീക്കിയിരിപ്പ് (0) പൂജ്യം ആയിരിക്കുന്നതാണ്.

4.കൂടാതെ വാനിഷിംഗ് തസ്തികയിൽ താത്കാലിക നിയമനം നൽകിയതും എൻടി കേഡർ സ്വീകരിച്ചതുമായ ഫാർമസി അദ്ധ്യാപകരുടെ തസ്തികകൾ ടി തസ്തികയിൽ ഏറ്റെടുത്തിട്ടുള്ള അധ്യാപകർ വിരമിക്കുന്നതുവഴിയോ, സ്ഥാനക്കയറ്റം, പുറത്താക്കൽ അല്ലെങ്കിൽ മരണം വഴിയോ

പൂർണ്ണമായും ഇല്ലാതാകുന്നതാണ് .

5.കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ ഫാർമസി വിഭാഗത്തിലെ അസോഷ്യേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ (വാനിഷിംഗ്) തസ്തികകളിൽ യഥാക്രമം പരാമർശം (7), (6), (8) ഉത്തരവുകൾ പ്രകാരം നിയമനം നൽകിയതും എൻടി കേഡർ / സ്റ്റാൻഡ് എലോൺ തെരഞ്ഞെടുത്തതുമായ ഫാർമസി അദ്ധ്യാപകരുടെ റഗുലറൈസേഷനുള്ള പ്രൊപ്പോസൽ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശത്തിനായി അയച്ചുനൽകുകയും ആയത് പരിശോധിച്ച കമ്മീഷൻ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന മേൽ നിബന്ധനകൾക്ക് വിധേയമായി ടി ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്നതിന് പരാമർശം (12) പ്രകാരം ഉപദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ, എൻടി കേഡർ / സ്റ്റാൻഡ് എലോൺ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ അനുബന്ധമായി ചേർത്തിരിക്കുന്ന ഫാർമസി അധ്യാപകരുടെ നിയമനം മേൽ നിബന്ധനകൾക്ക് വിധേയമായി ക്രമീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീബ ജോർജ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ
ബന്ധപ്പെട്ട ഫാക്കൽറ്റികൾക്ക് (ഡി എം ഇ മുഖേന)
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടേറിയറ്റ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (എസ് 1/20/2021/ ആ.ക.വ)

ഉത്തരവിൻ പ്രകാരം
Signed by
Rashmi D
Date: 16-01-2026 10:17:13
സെക്ഷൻ ഓഫീസർ

Annexure A- Associate Professor (Stand Alone)

| Sl No | Name | Appointed as |
|---|---|---|
| 1 | Dr.Premaletha.K | Associate Professor in Pharmaceutics |
| 2 | Dr.Rajagopal.P.L | Associate Professor in Pharmacognosy |
| 3 | Dr.Siju.E.N | Associate Professor in Pharmacology |
| 4 | Dr.Kiron.S.S | Associate Professor in Pharmacy Practice |

Annexure B- Assistant Professor (Entry Cadre)

| Sl No | Name | Appointed as |
|---|---|---|
| 1 | Dr.Sreejith.K.R | Assistant Professor in Pharmaceutical Chemistry |

| | | |
|---|---|---|
| 2 | Dr.Dharsana J.N | Assistant Professor in Pharmaceutical Chemistry |
| 3 | Dr.Sarath Chandran.C | Assistant Professor in Pharmaceutics |
| 4 | Dr.Vivek.D | Assistant Professor in Pharmacology |
| 5 | Dr.Prem Kumar.N | Assistant Professor in Pharmacy Practice |
| 6 | Dr.Hariraj.N | Assistant Professor in Pharmaceutical Chemistry |
| 7 | Dr.Sajith Kumar.P.N | Assistant Professor in Pharmacognosy |
| 8 | Soumya.K.Vijayan | Assistant Professor in Pharmaceutics |
| 9 | Dr.Vipin.K.V | Assistant Professor in Pharmaceutics |
| 10 | Karthik.K.K | Assistant Professor in Pharmaceutical analysis |
| 11 | Aiswarya Lakshmi A.G | Assistant Professor in Pharmacology |
| 12 | Sreeraj.K | Assistant Professor in Pharmacy Practice |
| 13 | Baby.P | Assistant Professor in Pharmacy Practice |
| 14 | Minil.M | Assistant Professor in Pharmacology |

## Annexure C- Assistant Professor (Entry Cadre)
## (Vanishing Category)

| Sl No | Name | Appointed as |
|---|---|---|
| 1 | Dr.Ann Rose Augusthy | Assistant Professor Pharmaceutics |
| 2 | Shijith.K.V | Assistant Professor Pharmaceutics |
| 3 | Lavanya.K.P | Assistant Professor Pharmaceutical Chemistry |
| 4 | Shahin Muhammed T K | Assistant Professor Pharmaceutical Chemistry |
| 5 | Rahul.K | Assistant Professor Pharmaceutical Chemistry |
| 6 | Priyanka A | Assistant Professor Pharmaceutical Chemistry |
| 7 | Bijesh Vatakkeel | Assistant Professor Pharmacology |